## പതിമൂന്നാം കേരള നിയമസഭ

### ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2660 | 19.12.2012ൽ മറുപടിയ്ക്ക്

## നദികളിലെ മലിനീകരണം ഒഴിവാക്കുന്നതിനുള്ള പദ്ധതികൾ

ചോദ്യം : ശ്രീ. മുല്ലക്കര രത്നാകരൻ

ഉത്തരം: ശ്രീ.പി.ജെ.ജോസഫ്
(ജലവിഭവ വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
| --- | --- |
| (എ) സംസ്ഥാനത്തെ നദികളെ മലിനീകരണത്തിൽ നിന്നും സംരക്ഷിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോ ; | (എ) ജലനിയമവും പരിസ്ഥിതി സംരക്ഷണ നിയമവും അനുബന്ധ ചട്ടങ്ങളും പ്രകാരം വ്യവസായശാലകൾ, ഹോട്ടലുകൾ, റിസോർട്ടുകൾ, ഹൗസ്ബോട്ടുകൾ, ഹോസ്പിറ്റലുകൾ, ഉത്തുംഗ കെട്ടിടങ്ങൾ തുടങ്ങിയവ മലിനീകരണ ബോർഡിന്റെ അനുമതി പരിധിയിൽ കൊണ്ടു വരികയും അവയിൽ നിന്നുമുള്ള മലിനജലം ശുദ്ധീകരിച്ച് മാലിന്യഘടകങ്ങൾ അനുവദനീയ പരിധിയിൽ ആക്കി നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതും ചെയ്യുന്നതു വഴി നദികളിൽ മലിനജലം എത്തുന്നതു തടയാനും അങ്ങനെ നദി മലിനപ്പെടുന്നതു നിയന്ത്രിക്കുവാനും ഒരു പരിധി വരെ സാധിക്കുന്നുണ്ട്.<br>സംസ്ഥാനത്തെ നദികളെ മലിനീകരണത്തിൽ നിന്നും സംരക്ഷിക്കുന്നതിനും ജലസ്രോതസ്സുകളുടെ സുസ്ഥിരതയും ഫലപ്രദമായ വിനിയോഗത്തിനുമായി നദീതട അടിസ്ഥാനത്തിൽ നദീതീര വികസനത്തിനായി ഭാരതപ്പുഴ, പമ്പ, പെരിയാർ, കരമന-കിള്ളിയാർ എന്നിവയുടെ സമഗ്രവും, സുസ്ഥിരവുമായ വികസനത്തിനായി യഥാക്രമം 1222, 950, 807, 499 കോടി രൂപയുടെ പദ്ധതികൾ കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. |
| (ബി) എങ്കിൽ ഈയിനത്തിൽ ഈ സാമ്പത്തിക വർഷം എന്തു തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ? | (ബി) പദ്ധതി ഇനത്തിൽ ഈ സാമ്പത്തിക വർഷം തുകകളൊന്നും ചെലവാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ